(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ/ പൊതുമേഖലാ ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട് ; എത്ര ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്; ഓരോ വർഷത്തെയും വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

70 (3701) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒഴിവുകൾ യഥാവിധി പി.എസ്.സി.-യെ അറിയിക്കണം എന്ന P& ARD സർക്കുലർ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിൽ നിയമന അധികാരികൾ കൃത്യത പാലിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വകുപ്പുകൾ ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ഇലക്ട്രിസിറ്റി മസ്ദൂർ റാങ്ക് ലിസ്റ്റ്

71 (3702) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ ഇലക്ട്രിസിറ്റി മസ്ദൂർ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയത് എന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; ഇതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) മസ്ദൂർ റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 238 പേർക്ക് നിയമനം നൽകി.

(ബി) 27 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. 27 ഒഴിവുകൾ കൂടി ഇനി റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്. പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ 15-12-2004-ലെ ID No. 27/2002 വിധി പ്രകാരം പെറ്റി കോൺട്രാക്ട് വർക്കേഴ്സിന്റെ നിയമനത്തിനായി 1061 ഒഴിവുകൾ മാറ്റിവയ്ക്കാൻ ഉത്തരവുള്ളതിനാൽ മുഴുവൻ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ കഴിയുകയില്ല.

(സി) ഭാവിയിൽ മസ്ദൂർ തസ്തികയിൽ ഒഴിവുകൾ വരുന്നതനുസരിച്ച് മുകളിൽ പറഞ്ഞ ഉത്തരവിനുവിധേയമായി റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താവുന്നതാണ്.

കോഴിക്കോട് ജില്ലയിലെ എച്ച്.എസ്.എ. ഗണിതശാസ്ത്രം തസ്തിക

72 (3703) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിൽ എച്ച്.എസ്.എ. ഗണിതശാസ്ത്രം തസ്തികയിൽ (കാറ്റഗറി നമ്പർ 661/2012) പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടും നാളിതുവരെ പരീക്ഷാ തീയതി നിശ്ചയിക്കുകയോ നിയമന നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടില്ലാത്തതിന്റെ സാങ്കേതിക തടസ്സം എന്താണെന്ന് വിശദമാക്കാമോ ;

ഉത്തരം

കോഴിക്കോട് ജില്ലയിലെ എച്ച്.എസ്.എ. ഗണിതശാസ്ത്രം തസ്തികയുടെ പരീക്ഷാതീയതി നിശ്ചയിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നും തന്നെയില്ല. ചോദ്യപേപ്പറുകൾ ലഭിച്ചാലുടൻ തന്നെ പരീക്ഷ നടത്തുന്നതാണ്.

തസ്തികകൾ കുറയ്ക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഉന്നതാധികാര സമിതി

73 (3704) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തസ്തികകൾ കുറയ്ക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഉന്നതാധികാര സമിതിയുടെ ശിപാർശകൾക്കനുസൃതമായി സർക്കാർ ഓരോ വകുപ്പിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?